**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 322** **04.06.2018-ൽ മറുപടിക്ക്**

<u>കൊച്ചി മഹാരാജാസ് താലൂക്ക് ആശുപത്രി</u>

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** (ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2017-2018 ബജറ്റിലും, 2018-2019-ലും പ്രഖ്യാപിച്ചിട്ടുള്ളതും പശ്ചിമ കൊച്ചിയിലെ കച്ചേരിപ്പടിയിൽ പ്രവർത്തിക്കുന്നതുമായ മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനത്തിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടികളുടെ നിജസ്ഥിതി വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ കരിവേലിപ്പടി സർക്കാർ മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനത്തിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി ഹൗസിംഗ് ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ ഹൗസിംഗ് ബോർഡ് ഉദ്യോഗസ്ഥർ തയ്യാറാക്കികൊണ്ടിരിക്കുന്നു. |
| (ബി) | ആരെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർവാഹക ഏജൻസിയായി നിയമിച്ചിട്ടുള്ളത്; | (ബി) | ഹൗസിംഗ് ബോർഡിനെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി നിയമിച്ചിട്ടുള്ളത്. |
| (സി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കി എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്നും നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ; | (സി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന മുറയ്ക്ക് ടി കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |
| (ഡി) | പശ്ചിമകൊച്ചിയിലെ തീരദേശ ആശുപത്രിയായ ഈ താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിന് മുൻഗണന നൽകുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ഡി) | ആശുപത്രിയുടെ സമഗ്ര വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. കാത്ത് ലാബ്, ഇമേജിംഗ് സെന്റർ, ഒ.റ്റി. കോംപ്ലക്സ്, ഡയാലിസിസ് യൂണിറ്റ്, കാർഡിയോളജി വാർഡ്, ലാബ് എന്നിവ ടി പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാൻ അംഗീകരിച്ച് നടപ്പാക്കുന്നതോടെ ആശുപത്രിയുടെ സമഗ്ര വികസനം സാധ്യമാകുന്നതാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സ്ഥാപനത്തിൽ |

| | | | |
|---|---|---|---|
| | | | 2017-18-ൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>1. മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ-1<br>2. സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 – 1<br>3. ലാബ് ടെക്നീഷ്യൻ - 1 |

സെക്ഷൻ ഓഫീസർ